**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 267** **22-07-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാതരംഗിണി വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പല സഹകരണ സംഘങ്ങളും ബാങ്കുകളും വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനാവശ്യത്തിനായുള്ള വിദ്യാതരംഗിണി പലിശ രഹിത വായ്പ നിരസിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇപ്രകാരം ചില പരാതികൾ ആദ്യ ഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ഈ പരാതികൾ പരിഹരിക്കുന്നതിന് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അഞ്ച് ലക്ഷം രൂപ വരെ ഈ ഇനത്തിൽ വായ്പ നൽകാമെന്നിരിക്കെ എ ക്ലാസ് സംഘങ്ങൾ/ ബാങ്കുകൾ പോലും പരമാവധി പതിനായിരം രൂപ വീതം അഞ്ച് പേർക്ക് മാത്രമേ വായ്പ നൽകൂ എന്ന നിബന്ധന മുന്നോട്ട് വയ്ക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം സഹകരണ സംഘങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ പോലും ചില സംഘങ്ങൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങൾക്ക് കിട്ടിയ അപേക്ഷകളുടെയും നൽകിയ വായ്പയുടെയും വിശദാംശങ്ങൾ ആവശ്യപ്പെടുമോ; ഇതിനായി അവലോകന യോഗം ചേരുന്നതിന് ശ്രമം നടത്തുമോ; | (സി) | ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നതാണ്. 15.7.2021 വരെ 19114 വിദ്യാർഥികൾക്ക് 18,16,62,491/- രൂപ വായ്പയായി നൽകിയിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ ലഭിച്ച അപേക്ഷകളുടെയും അനുവദിച്ച വിദ്യാതരംഗിണി വായ്പയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ 15.7.2021 വരെ 28 സഹകരണ സംഘങ്ങളിലായി 1093 അപേക്ഷകൾ ലഭ്യമാകുകയും അതിൽ 505 അപേക്ഷകൾ ഭരണ സമിതി തീരുമാന പ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 154 വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 351 വായ്പകൾ അപേക്ഷകർ എത്തുന്ന മുറക്ക് നൽകുന്നതാണ്. 15,36,450/- രൂപ വായ്പ ഇനത്തിൽ ഇതുവരെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ